# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **190** | 16.08.2017- ൽ മറുപടിയ്ക്ക് |
|---|---|

## കയറ്റുമതി മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി-സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കയറ്റുമതി മേഖലയെ ജി.എസ്.ടി.യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ചരക്കുസേവന നികുതി നിയമത്തിൽ കയറ്റുമതി മേഖലയെ 0% നികുതി നിരക്കിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കയറ്റുമതി ചെയ്യുന്ന നികുതി വിധേയ സാധനങ്ങൾക്ക് അവ വാങ്ങുമ്പോൾ അല്ലെങ്കിൽ അവയുടെ നിർമ്മാണസാമഗ്രികൾ വാങ്ങുമ്പോൾ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട സേവന മേഖലയിലോ നൽകിയ നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കുകയും അതു റീഫണ്ടായി ലഭിക്കുകയും ചെയ്യുമെന്നതിനാൽ മറ്റു രാജ്യങ്ങളിലെ ഉല്പാദകരുമായി മത്സരിക്കുന്നതിന് ഇന്ത്യൻ കയറ്റുമതിക്കാരെ പ്രാപ്തരാക്കുകയും കൂടുതൽ വിദേശവിപണി കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. ഇതിനാൽ രാജ്യത്തിന് കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്നതിന് സഹായകമാകുകയും ചെയ്യും. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനം സംസ്ഥാനത്തിന് ഗുണകരമാകുമോ എന്നു വിശദമാക്കുമോ; | | |
| (സി) | കയറ്റുമതി മേഖലക്ക് മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നതെന്നറിയിക്കുമോ? | (സി) | കയറ്റുമതി മേഖലയെപ്പോലെതന്നെ പ്രത്യേക മേഖലയിലേക്കുള്ള വിതരണവും 0% നിരക്കിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് Deemed Export ആയാണ് |

| | | | |
|---|---|---|---|
| | | | കണക്കാക്കുന്നത്. കയറ്റുമതിയിൽ ഐ.ജി.എസ്.ടിയാണ് ചുമത്തുന്നത്. ഒന്നുകിൽ കയറ്റുമതിക്കാരന് ഐ.ജി.എസ്.ടി അടച്ച് കയറ്റുമതി നടത്തുകയും പിന്നീട് ഈ ഐ.ജി.എസ്.ടി റീഫണ്ട് ആയി അവകാശപ്പെടാവുന്നതുമാണ്. IPT Credit ഉപയോഗിച്ച് കയറ്റുമതിയുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി അടയ്ക്കുകയാണെങ്കിൽ അതിന്റെ 90% ഒരാഴ്ചയ്ക്കകം റീഫണ്ട് ലഭ്യമാകും. ബാക്കിയുള്ള 10% അപേക്ഷ സമർപ്പിച്ച് 60 ദിവസത്തിനകം റീഫണ്ട് നൽകും. ഇതല്ലാതെ ബോണ്ടിന്റെയോ ലെറ്റർ ഓഫ് അണ്ടർടേക്കിങ്ങിന്റേയോ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി അടയ്ക്കാതെ കയറ്റുമതി നടത്താവുന്നതാണ്. ഇത്തരത്തിലുള്ള കയറ്റുമതിയിൽ ക്രെഡിറ്റിലുള്ള ഇൻപുട്ട് ടാക്സ് പിന്നീട് റീഫണ്ട് ആയി claim ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ജി.എസ്.ടി യിൽ കയറ്റുമതിയുമായി ബന്ധപ്പെട്ട റീഫണ്ട് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഇത് കേന്ദ്ര കസ്റ്റംസ് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**